(ബി) പ്രസ്തുത ചികിത്സാ വിഭാഗങ്ങൾ ഇപ്പോൾ ആശുപത്രിയിൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ജീർണ്ണാവസ്ഥയിലുണ്ടായിരുന്ന രണ്ട് കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ ചികിത്സാ വിഭാഗങ്ങളൊന്നും പ്രവർത്തിച്ചിരുന്നില്ല.

ഇ-ഹെൽത്ത് പദ്ധതി

5 (694) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതു ജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെയും ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly